(സി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ പേരിൽ ഏതെങ്കിലും വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഉത്തരവ് പാലിക്കാത്ത വകുപ്പുകളുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളാണെന്ന വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 11-3-14-ലെ 22/14/ധന സർക്കുലർ പ്രകാരം പെൻഷൻ അനുവദിക്കുന്ന നടപടികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഓരോ വർഷവും അടുത്ത 18 മാസത്തേക്ക് റിട്ടയർ ചെയ്യുന്നവരുടെ ലിസ്റ്റ് വകുപ്പദ്ധ്യക്ഷൻമാർ എല്ലാ ജനുവരിയിലും ജൂലൈയിലും അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജനുവരി 1 മുതൽ ഡിസംബർ 31 വരെ റിട്ടയർ ചെയ്യുന്നവരുടെ വിവരങ്ങൾ ലഭ്യമാകുന്നതേയുള്ളൂ. ഇതിന്റെ പൂർണ്ണ വിവരം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ ലഭ്യമായ വിവരം പ്രകാരം 2222 പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തവർക്കെതിരെ നടപടി സ്വീകരിക്കാൻ അതാത് ഭരണ വകുപ്പുകളോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വകുപ്പുകൾ നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം ഫുഡ് സേഫ്റ്റി കമ്മീഷണർ, ട്രാൻസ്പോർട്ട് കമ്മീഷണർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, പബ്ലിക് ഇൻസ്ട്രക്ഷൻസ് ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

പി.എസ്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ്

78 (7639) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം അപേക്ഷ ക്ഷണിച്ചതിൽ ഏതെല്ലാം തസ്തികകളിലേക്കാണ് റിപ്പോർട്ട് ചെയ്ത ഒഴിവിനേക്കാൾ കുറഞ്ഞ അപേക്ഷകരുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഇത്തരം ഒഴിവുകളിൽ ഏതെല്ലാം തസ്തികയിലേക്ക് സർട്ടിഫിക്കറ്റ് വെരിഫിക്കേഷനും ഇന്റർവ്യൂവും പൂർത്തിയാക്കി നിയമന ശുപാർശ നൽകാനായി ബാക്കിയുണ്ട് എന്നറിയിക്കുമോ ;

(സി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ മാത്തമാറ്റിക്സ് തസ്തികയിലേക്ക് (കാറ്റഗറി നമ്പർ 633/2012) നിയമന ശുപാർശ നൽകാൻ ഇനി എന്തെല്ലാം നടപടികൾ ബാക്കിയുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ഇത് എപ്പോൾ പൂർത്തിയാകും എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം അപേക്ഷ ക്ഷണിച്ചതിൽ ഇംഗ്ലീഷ്, ഫിസിക്സ്, മാത്തമാറ്റിക്സ്, പൊളിറ്റിക്കൽ സയൻസ് എന്നീ വിഷയങ്ങൾക്കുള്ള ഹയർ സെക്കന്ററി സ്കൂൾ ടീച്ചർമാർക്കുള്ള (പട്ടികവർഗ്ഗക്കാർക്ക് മാത്രം) തസ്തികകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവിനേക്കാൾ കുറഞ്ഞ അപേക്ഷകരാണുള്ളത്.

(ബി) ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ മാത്തമാറ്റിക്സ്, പൊളിറ്റിക്കൽ സയൻസ് എന്നീ തസ്തികകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമന ശുപാർശ നടപടികൾ പൂർത്തിയായിവരുന്നു. ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ഫിസിക്സ് തസ്തികകളുടെ ഇന്റർവ്യൂ പൂർത്തിയായി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിവരുന്നു. ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ഇംഗ്ലീഷ് തസ്തികയുടെ വൺടൈം വെരിഫിക്കേഷൻ നടന്നുവരുന്നു.

(സി & ഡി) ഇന്റർവ്യൂ നടത്തുന്നതിനുള്ള ജോലികൾ അന്തിമഘട്ടത്തിലാണ്.

സർവ്വേ & ലാന്റ് റെക്കോർഡ്സിലെ ബാക്ക് ലോഗ് ഒഴിവുകൾ നികത്താൻ നടപടി

79 (7640) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബാക്ക്ലോഗ് ഒഴിവുകൾ നികത്തുന്നതിനായി സർവ്വേ & ലാന്റ് റിക്കോർഡ്സിൽ കാറ്റഗറി നമ്പർ 241/12 നമ്പരായി ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികയിലെ ഒഴിവ് നികത്തുന്നതിന് എന്നാണ് അപേക്ഷ ക്ഷണിച്ചിരുന്നത് ; പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള ശാരീരിക മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബാക്ക്ലോഗ് ഒഴിവുകൾ എന്നത്തേക്ക് നികത്തണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത വിജ്ഞാപനപ്രകാരം അഭിമുഖം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ;

(ഡി) ഇല്ലെങ്കിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് വൈകാൻ കാരണം എന്താണ് ; ഇത് സംബന്ധിച്ച് പരാതികൾ എന്തെങ്കിലും നിലവിൽ ഉണ്ടോ ; പരാതി മാനദണ്ഡങ്ങൾക്കനുസൃതമല്ലെങ്കിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത തസ്തികയിലേക്ക് 30-4-2012-ലെ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വികലാംഗരിലെ Orthopaedically handicapped,-Lower, lower extremities, minor defects, partially deaf എന്നീ വിഭാഗങ്ങൾക്കായാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.